LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) പരിശോധിക്കുന്നതാണ്.

സി-ഡിറ്റ് ഉദ്യോഗസ്ഥർ വിദേശയാത്രയ്ക്ക് കണക്കിൽ കവിഞ്ഞ പണം ചെലവഴിച്ചതിന്മേലുള്ള നടപടികൾ

77 (140) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിലെ രജിസ്ട്രാറും രണ്ട് ഉന്നത ഉദ്യോഗസ്ഥരും 2007-ൽ നടത്തിയ വിദേശയാത്രയ്ക്ക് കണക്കിൽകവിഞ്ഞ പണം ചെലവഴിച്ചതായുള്ള സി&എ.ജി.യുടെ കണ്ടെത്തലിനെത്തുടർന്ന് പ്രസ്തുത തുക തിരിച്ചുപിടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) 2008-ലും 2009-ലും 2010-ലും ഇതേ ഉദ്യോഗസ്ഥർ മൂന്നു തവണ കൂടി വിദേശയാത്രകൾ നടത്തിയപ്പോഴും കണക്കിൽ കവിഞ്ഞ് പണം ചെലവഴിച്ച് സി-ഡിറ്റിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കിയത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) ഈ വിദേശയാത്രകൾ നടത്തിയ മൂന്ന് പേരിൽ എത്ര പേർ സി-ഡിറ്റിലെ താൽക്കാലിക ജീവനക്കാരാണ് ഇവരുടെ പേര് വിവരം നൽകുമോ ;

(ഡി) ഗുരുതരമായ ഈ സംഭവങ്ങളിൽ മേൽനടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) സർക്കാരിന്റെ 27-10-2007-ലെ ജി.ഒ(ആർ റ്റി) നം.220/07/ഐ&പി. ആർ. നമ്പർ ഉത്തരവുപ്രകാരം സി-ഡിറ്റ് രജിസ്ട്രാർ, ഹോളോഗ്രാഫിക് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർ, ഹോളോഗ്രാഫിക് ഡിവിഷൻ ടീം ലീഡർ എന്നിവർക്ക് ഹോംങ്കോംഗിൽ വച്ച് 30-10-2007, 31-10-2007, 1-11-2007 എന്നീ തീയതികളിൽ നടന്ന 6-ാമത് ഏഷ്യൻ ഐ സെക്യൂരിറ്റി പ്രിന്റിംഗ് കോൺഫറൻസിൽ പങ്കെടുക്കാൻ അനുമതി നൽകിയിരുന്നു. ടി. സർക്കാർ ഉത്തരവുപ്രകാരം അനുവദിച്ച ദിവസത്തെക്കാൾ 3 ദിവസം കൂടുതലായി എടുത്തത് അംഗീകരിക്കാൻ പറ്റില്ലെന്നാണ് സി&എ.ജി. പറഞ്ഞിട്ടുള്ളത്. അധികമായി എടുത്ത 3 ദിവസം ഹോങ്കോംഗിലേക്കുള്ള യാത്രയ്ക്കും തിരികെയുള്ള യാത്രയ്ക്കുമാണെന്ന് കാണിച്ച് ആഡിറ്റ് പരാമർശത്തിനുമേലുള്ള നടപടി അവാസാനിപ്പിക്കാൻ എ.ജി.-ക്ക് കത്ത് നൽകിയിരുന്നു. ആയതിനുള്ള മറുപടി ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇല്ല.

(സി) ഒരാൾ ശ്രീ. സാജൻ അമ്പാടിയിൽ (ടീം ലീഡർ) ഹോളോഗ്രാഫിക്ക് ഡിവിഷൻ-കരാർ വ്യവസ്ഥയിൽ

(ഡി) ബാധകമല്ല